പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1871 26-10-2026-ൽ മറുപടിയ്ക്ക്

കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായ അധിക സാമ്പത്തിക സഹായം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സജി ചെറിയാൻ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. കെ. പ്രേംകുമാർ

ശ്രീമതി ഒ. എസ്. അംബിക

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര സർക്കാരിൽ നിന്ന് സംസ്ഥാനത്തിന് എന്തെങ്കിലും തരത്തിലുള്ള അധിക സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്നും ഓരോ ഇനത്തിലും ലഭിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ;

മറുപടി: ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന് അനുവദനീയമായ നികുതി വിഹിതവും, ഗ്രാന്റ്-ഇൻ-എയ്ഡും (കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്രവിഹിതമുൾപ്പെടെ) അല്ലാതെ അധിക സാമ്പത്തിക സഹായം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല.

(ബി) 2026 മേയ് 26-ന് മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായും കേന്ദ്ര ധനമന്ത്രിയുമായും നടത്തിയ കൂടിക്കാഴ്ചയിൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വർദ്ധിപ്പിക്കുന്നതിനോ ഇളവ് അനുവദിക്കുന്നതിനോ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാമാണ് ;

മറുപടി: പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം ഊർജ്ജ മേഖലയിലെ പ്രവർത്തനങ്ങൾക്ക് അനുസൃതമായി 2021-22 മുതൽ 2025-26 വരെയുള്ള കാലയളവിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 0.5% വരെ അധികമായി കടമെടുക്കുന്നതിന് കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് അനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിന് കേന്ദ്ര ഊർജ്ജ മന്ത്രാലയം കേന്ദ്ര ധനകാര്യ മന്ത്രാലയത്തിനു നൽകിയ ശിപാർശയുടെ അടിസ്ഥാനത്തിൽ ഊർജ്ജമേഖലയിലെ പ്രവർത്തനങ്ങൾക്ക് അനുസൃതമായി സംസ്ഥാനങ്ങൾക്ക് നൽകിയ അധിക വായ്പാ സൗകര്യം 2029-30 വരെ

ദീർഘിപ്പിക്കേണ്ടത് അനിവാര്യമാണെന്നും അതനുസരിച്ച് 2026-27 സാമ്പത്തിക വർഷം സംസ്ഥാനങ്ങൾക്ക് 0.5% വരെ അധിക കടമെടുപ്പിനുള്ള മാർഗനിർദ്ദേശങ്ങൾ അടിയന്തരമായി പുറപ്പെടുവിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ബഹു. മുഖ്യമന്ത്രി ബഹു. കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിക്ക് മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ നാളിതുവരെയും കേന്ദ്രസർക്കാരിൽ നിന്ന് അനുകൂല തീരുമാനം ഉണ്ടായിട്ടില്ല.

(സി) പ്രസ്തുത ആവശ്യങ്ങളിൽ കേന്ദ്ര സർക്കാർ അനുകൂല തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ അനുവദിച്ച അധിക കടമെടുപ്പ് പരിധി എത്രയാണെന്ന് വ്യക്തമാക്കാമോ?

മറുപടി: പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം ഊർജ്ജ മേഖലയിലെ പ്രവർത്തനങ്ങൾക്ക് അനുസൃതമായി 2021-22 മുതൽ 2025-26 വരെയുള്ള കാലയളവിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 0.5% വരെ അധികമായി കടമെടുക്കുന്നതിന് കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് അനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിന് കേന്ദ്ര ഊർജ്ജ മന്ത്രാലയം കേന്ദ്ര ധനകാര്യ മന്ത്രാലയത്തിനു നൽകിയ ശിപാർശയുടെ അടിസ്ഥാനത്തിൽ ഊർജ്ജമേഖലയിലെ പ്രവർത്തനങ്ങൾക്ക് അനുസൃതമായി സംസ്ഥാനങ്ങൾക്ക് നൽകിയ അധിക വായ്പാ സൗകര്യം 2029-30 വരെ ദീർഘിപ്പിക്കേണ്ടത് അനിവാര്യമാണെന്നും അതനുസരിച്ച് 2026-27 സാമ്പത്തിക വർഷം സംസ്ഥാനങ്ങൾക്ക് 0.5% വരെ അധിക കടമെടുപ്പിനുള്ള മാർഗനിർദ്ദേശങ്ങൾ അടിയന്തരമായി പുറപ്പെടുവിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ബഹു. മുഖ്യമന്ത്രി ബഹു. കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിക്ക് മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ നാളിതുവരെയും കേന്ദ്രസർക്കാരിൽ നിന്ന് അനുകൂല തീരുമാനം ഉണ്ടായിട്ടില്ല.

സെക്ഷൻ ഓഫീസർ